# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1008** — **12/06/2014** ൽ മറുപടിക്ക്

**സ്കൂളു ക ളിലെ സൗജന്യ യൂണിഫോം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് 2013-2014 അദ്ധ്യയനവർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് ഏതൊക്കെ കാലയളവിൽ സൗജന്യ യൂണിഫോം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് 2013 -14 അദ്ധ്യയനവർഷത്തിൽ 7,39,534 സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം വിതരണം ചെയ്തിട്ടുണ്ട്. 13,64,440 എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം നൽകാനുള്ള നടപടി സ്വീകരിച്ചു |
| ബി) | ഇതിനായി എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കുമോ; | ബി) | എയിഡഡ് മേഖലയിൽ ഈ പദ്ധതിക്കായി ഇതേവരെ 50 കോടി രൂപയുടെ അലോട്ടമെന്റ് 14 വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ യൂണിഫോം വിതരണത്തിനായി 29.5813 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | 2014-2015 അദ്ധ്യയന വർഷത്തിൽ എത്ര ലക്ഷം വിദ്യാർത്ഥികൾക്ക് ഏതു തീയതിക്കുള്ളിൽ സൗജന്യയൂണിഫോം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; | സി) | എയിഡഡ് മേഖലയിൽ 1364440 കുട്ടികൾക്കും സർക്കാർ മേഖലയിൽ 7,80,443 വിദ്യാർത്ഥികൾക്കും അധ്യയനവർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |
| ഡി) | ഇതിനായി എന്തു തുക നീക്കിവച്ചെന്ന് വിശദമാക്കാമോ; | ഡി) | 2014-15 വർഷം സൗജന്യ യൂണിഫോം വിതരണത്തിനായി 31.2177 കോടി രൂപ കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം അനുവദിച്ചു. കൂടാതെ 55 കോടി രൂപ വകയിരുത്തുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ഇ) | യൂണിഫോം വിതരണം ചെയ്യാൻ സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളും ഏൽപ്പിച്ച ഏജൻസികളേതെന്നും വിശദമാക്കാമോ? | ഇ) | 2013-14 അദ്ധ്യയന വർഷം സർക്കാർ / എയിഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനമെടുത്തത്. ഏകദേശം 21 ലക്ഷത്തോളം വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നത്. ഇതിനായി ടെൻഡർ ഫോമലേഷൻ ആന്റ്ഇവാല്വേഷൻ കമ്മിറ്റി രൂപീകരിക്കുകയും 8 കമ്പനികളെ യൂണിഫോം വിതരണം ചെയ്യുന്നതിനായി എംപാനൽ ചെയ്യുകയുമുണ്ടായി. ടി കമ്പനികളിൽ നിന്നോ, ഗുണമേന്മ ഉറപ്പുവരുത്തി പൊതുവിപണിയിൽ നിന്നോ തുണിത്തരങ്ങൾ വാങ്ങുന്നതിനുള്ള അനുവാദം നിബന്ധനകളോടെ അതാത് സ്കൂൾ അധികാരികൾക്ക് നൽകിയിട്ടുണ്ട്. എംപനൽ ചെയ്ത കമ്പനികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1.മഫത് ലാൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് അഹമ്മദാബാദ്, ഗുജറാത്ത്<br>2.സുസുക്കി ടെക്സ്റ്റയിൽസ് ലിമിറ്റഡ് ബിൽവാര, രാജസ്ഥാൻ<br>3.അലോക് ഇൻഡസ്ട്രീസ്, മുംബൈ.<br>4.ബൻസ്വാര സിന്റെക്സ് ലിമിറ്റഡ്, മുംബൈ<br>5.എസ്.കുമാർസ് നേഷൻവൈഡ് ലിമിറ്റഡ് , മുംബൈ<br>6.സംഗം (ഇൻഡ്യ) ലിമിറ്റഡ്, ബിൽവാര ടവേഴ്സ്, നോയിഡ.<br>7.ആർ.എസ്.ഡബ്ല്യു.എം, ബിൽവാര ടവേഴ്സ്, നോയിഡ.<br>8.നാഷണൽ ടെക്സ്റ്റയിൽസ് കോർപ്പറേഷൻ, ന്യൂ ഡൽഹി. |

സെക്ഷൻ ഓഫീസർ